പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം.6132**

**02.04.2018 ൽ**
**മറുപടിയ്ക്ക്**

## ആലത്തൂരിൽ യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ

**ചോദ്യം**
**ശ്രീ. കെ.ഡി.പ്രസേനൻ**

**മറുപടി**
**ശ്രീ.എ.സി. മൊയ്തീൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡിന്റെ കീഴിൽ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) & (ബി) | സംസ്ഥാനത്തെ യുവജനങ്ങളുടെ സർഗ്ഗ ശേഷിയും കർമ്മശേഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി ബോർഡ് വിവിധങ്ങളായ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. കേരളോത്സവം, യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണം, ക്ലബ്ബുകളിലെ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് യൂത്ത് കേരള എക്സ്പ്രസ്സ് എന്ന റിയാലിറ്റി ഷോ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, യുവ സാഹിത്യ ക്യാമ്പ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാശിൽപശാല, പി.എസ്.സി പരീക്ഷാ പരിശീലനം, യുവജനദിനാചരണങ്ങൾ, സംരംഭകത്വ വികസന പരിപാടികൾ, യുവപ്രതിഭകളെ കണ്ടെത്തി യൂത്ത് അവാർഡ് നൽകൽ, നാടൻകലാമേള, ബോധവൽക്കരണ ക്യാമ്പയിനുകൾ, കലാ കായിക പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡ് ആലത്തൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കുഴൽമന്ദം ബ്ലോക്കിൽ വച്ച് ജില്ലാ കേരളോത്സവം 2017 നവംബർ 11 മുതൽ 14 വരെ നടത്തുകയുണ്ടായി. കോട്ടായി ഹയർ സെക്കണ്ടറി സ്കൂളിലും പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.ലും കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ചുമാണ് മത്സരങ്ങൾ നടത്തിയത്. ജില്ലാ |
| (ബി) | ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും അതിനായി ചെലവായ തുക എത്രയാണെന്നും അറിയിക്കാമോ?; | | |

| | | | |
|---|---|---|---|
| | | | കേരളോത്സവത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2,50,000/-രൂപ പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുവദിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ